# ENVISION 2022



## DIGITAL MAGAZINE

LittleKites Batch 2020-2023

GHSS ERUMAPETTY

# ജി എച്ച്എസ്എസ് എരുമപ്പെട്ടി



# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സുനിത പി.കെ |
| | | (ഹെഡ് മിസ്ട്രസ്) |
| സ്റ്റാഫ് എഡിറ്റേഴ്സ് | : | പ്രിയ ടി.എം (കൈറ്റ് മിസ്ട്രസ്) |
| | | സൗമ്യ സാമുവൽ (കൈറ്റ് മിസ്ട്രസ്) |
| സ്റ്റുഡന്റ് എഡിറ്റേഴ്സ് | : | അൽസാബിത്ത് |
| | | മാളവിക ആർ നായർ. |

envision

# സന്ദേശം

പ്രിയ കുട്ടികളെ ,

അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ നിരവധി പ്രതിസന്ധികൾ തരണം ചെയ്തു കൊണ്ട് വിവര വിനിമയ സങ്കേതിക രംഗത്ത് നിങ്ങൾ ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളും അഭിനന്ദനാർഹം തന്നെയാണ്. നിങ്ങൾ നേടുന്ന ഒരോ അറിവുകളും ഭാവി ജീവിതത്തിൽ പ്രാവർത്തികമാക്കാനും അതുവഴി ഉയർച്ചയിലെത്താനും സാധിക്കട്ടെ.പരിമിതമായ കാലയളവിൽ നിന്നുകൊണ്ട് നിങ്ങൾ ചെയ്യുന്ന ഈ ഉദ്യമത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.




സുനിത പി.കെ.

ഹെഡ്മിസ്ട്രസ്

(Ghss erumapetty)

# സന്ദേശം



നീലാകാശവിശാലതയിൽ...

മഴവില്ലഴകിൽ...... ആവോളം.....

ആർത്തുവിരിഞ്ഞുല്ലസിക്കാൻ .....

കുഞ്ഞു കൈറ്റ്സുകൾക്ക് ....

ഭാവുകങ്ങൾ.



**രജിതൻ എം.വി**

(SITC)

**GHSS ERUMAPETTY**

## എഡിറ്റോറിയൽ

വിവരവിനിമയ സങ്കേതിക വിദ്യയിൽ അഭിരുചിയും കഴിവുമുള്ള കുട്ടികളെ വാർത്തെടുക്കാൻ വിദ്യാലയങ്ങളിൽ രൂപപ്പെട്ട ഒരു പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക വിദ്യയും വിവിധ തരത്തിലുള്ള സോഫ്റ്റ് വെയറുകളും ഉപയോഗിക്കാൻ പരിശീലിക്കുന്നതോടൊപ്പം അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കാനും ശ്രമിച്ച പോരുന്നു.

ആധുനിക കാലത്ത് സാങ്കേതിക വിദ്യയെ മാറ്റി നിർത്തി കൊണ്ട് ഒന്നും സാധ്യമല്ല. അതിനാൽ തന്നെ പ്രാദേശിക ഭാഷ കമ്പ്യൂട്ടിങ്ങിൽ അവബോധവും താല്പര്യവുമുള്ള ഒരു തലമുറയെ വാർത്തെടുത്തു കൊണ്ട് പ്രാദേശിക ഭാഷയെ നിലനിർത്താനും വിവിധ തലങ്ങളിലേക്ക് ഉയർത്താനും നമുക്ക് സാധിക്കണം.

മലയാളം കമ്പ്യൂട്ടിങിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ് 2020-2023 ബാച്ചിലെ അംഗങ്ങൾ തയ്യാറാക്കിയ " Envision 2022 " എന്ന മാഗസിൻ അത്തരത്തിലൊരു ഉദ്യമമാണ്. വ്യത്യസ്ത മേഖലകളിലെ അറിവുകളെ കഥകൾ, കവിതകൾ, അനുഭവകുറിപ്പുകൾ ചിത്രങ്ങൾ, ലേഖനങ്ങൾ എന്നി സർഗ്ഗസൃഷ്ടികളുടെ രൂപത്തിൽ നിങ്ങൾക്കായി സമർപ്പിക്കുന്നു.

മഹാമാരിയുടെ താണ്ഡവത്തിനിടയിലും സമയ പരിമിതികളുള്ളിൽ നിന്നുകൊണ്ട് കുട്ടികൾ (പ്രത്യേകിച്ച് മാഗസ്സിൽ കമ്മിറ്റിയെ ഓർക്കുന്നു.)തയ്യാറാക്കിയ ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ഈ സംരഭത്തിന് എല്ലാ പിന്തുണയും നൽകിയ ഹെഡ്മിസ്ട്രസ് സുനിത പി കെ യ്ക്കും അധ്യാപകർക്കും നന്ദി പറയുന്നു.

അറിവിന്റെ നിഗൂഢതകളിലേക്ക് ഉറ്റുനോക്കി കൊണ്ടിരിക്കുന്ന പുതു തലമുറയ്ക്കായി .....

**"Envision 2022 "** അഭിമാനപൂർവ്വം സമർപ്പിക്കുന്നു.....

**സ്റ്റാഫ്എഡിറ്റേഴ്സ്**



**പ്രിയ ടി.എം ( കൈറ്റ് മിസ്ട്രസ്)**



**സൗമ്യ സാമുവൽ (കൈറ്റ് മിസ്ട്രസ്)**

# സ്നേഹത്തോടെ,

ഒരു വിദ്യാലയ അന്തരീക്ഷത്തിനുമപ്പുറത്തേയ്ക്ക്,അറിവിന്റെ നേർക്കാഴ്ച്ചകളിലേക്ക്, ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി സാങ്കേതികവിജ്ഞാനത്തിന്റെ രസകരമായ സാധ്യതകൾ പകർന്നു തന്നതിൽ ഈ സംരംഭത്തിന് വലിയ പങ്ക് തന്നെയുണ്ട്. ഒരു ഐ ടി വിദഗ്ധനാകാൻ ഞങ്ങൾക്കും സാധ്യമാണെന്ന് ബോധ്യപ്പെടുത്തിത്തന്ന ഒരു യാത്രയാണിത്.ഇവിടെ അവസാനിക്കുന്നില്ല. ആരംഭത്തിൽ നിന്നും അനന്തതയിലേക്ക് അന്ത്യമില്ലാത്ത യാത്ര....

ഈ യാത്രയിൽ ഞങ്ങളിലെ മികവുറ്റ അനിദ്രപ്രതിഭകളുടെ അക്ഷരചേരുവകൾ സമ്മാനിച്ച രുചിത്തികവേറിയ സാഹിത്യവിഭവങ്ങൾ മിഴിവേറിയ ചിത്രങ്ങളോടെയും ഡിജിറ്റലൈസേഷനിലൂടെയും ഞങ്ങൾ നിങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നു.

ഹൃദന്തത്തിന്റെ താളുകളിൽ സുവർണ ലിപികളിൽ കുറിച്ചിടാൻ ഒരു പിടി മധുരസ്മരണകൾ സമ്മാനിച്ച ഞങ്ങൾക്കേറ്റവും പ്രിയപ്പെട്ട അതുല്യരായ എല്ലാ അധ്യാപകർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

തുടക്കം മുതൽ ഒടുക്കം വരെയും ഞങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടെ നിന്ന ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് സുനിത ടീച്ചർക്കും, ഞങ്ങളിലൊരാളായി ഞങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് ട്രെയ്നർമാരായ പ്രിയ ടീച്ചർ, സൗമ്യ ടീച്ചർ എന്നിവർക്കും,കൃതജ്ഞത രേഖപ്പെടുത്തുന്നതോടൊപ്പം, ഞങ്ങളുടെ ഈ എളിയ പരിശ്രമം എല്ലാവരും സ്നേഹപൂർവ്വം സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്റ്റുഡന്റ് എഡിറ്റേഴ്സ്



മാളവിക ആർ നായർ



അൽസാബിത് കെ എം

envision

# ഉള്ളടക്കം


- കവിതകൾ
- കഥകൾ
- അനുഭവക്കുറിപ്പുകൾ
- ലേഖനങ്ങൾ
- പഴഞ്ചൊല്ലുകൾ
- ചിത്രശാല

# കൊറോണയോട്



അകന്നു നിൽക്കുമീ വർത്തമാനകാലത്തിൽ
അകമേ നമുക്കണി ചേരാം
തീയായ് പടർന്നാലും
തിരയായ് ഉയർന്നാലും

നീ മൂലം ഉലയുന്നവർ
നിന്നെ ഒരുനാൾ ഉടയ്ക്കും
ഒന്നോർക്കുക ;
അതിജീവനത്തിൻ  അഭ്രപാളിയിലമർന്നാകും  നിന്റെയന്ത്യം

മാലോകർ തൻ നിലവിളിയിൽ നീ ചിരിക്കേണ്ട, ആടേണ്ട , പാടേണ്ട
ഒരുനാൾ വരും
മണ്ണിലെ മക്കൾക്കായ്, മണ്ണിന്റെ  മക്കൾക്കായ്
തന്നെ ജനിപ്പിച്ചോരാരാരുമില്ലാതെ
തന്നാൽ ജനിച്ചൊരു തനയനുമില്ലാതെ
അന്ധകാരത്തിലൊരായിരം അക്ഷികൾ
അന്തിയുറങ്ങിടും ഭൂമി നനച്ചിടുന്നത് കണ്ണുനീർത്തുള്ളികൾ

കൂട്ടമായ്  കൂടാതെ, കരുതിടാം, പൊരുതിടാം, അകറ്റിടാം
കണ്ണിലെ കരടായ കുഞ്ഞനെ , കരുത്തനെ,കൊറോണയെ........
നാം പരാജിതനാക്കും ഭൂമി തൻ വേരെടുത്തൊരീ ഘാതകനെ .

മാളവിക.ആർ.നായർ  **9 G**



# അവൾ



ഒരു പനിനീർമൊട്ടായിരുന്നവൾ
വിടരാൻ കൊതിച്ച പനിനീർപുഷ്പം
മുൾപടർപ്പിനുള്ളിലാണെങ്കിലും
ആരെയും നോവിക്കാതെ
ഞാനശക്തയാണീ ലോകത്തെ
മാറ്റുവാനെന്നുരിയാടാതെ _ മൗനമായ് -
മൗനരാഗമായ് - നേർത്തൊരാ പുഞ്ചിരി
യൊളിപ്പിച്ചൊരാ വദനത്തി -
ലൊരായിരം തിരകൾ അലയടിക്കുന്നിതാ മിഴി രണ്ടിലും
ആഴക്കടലിനുള്ളിലേക്കെത്തി നോക്കവേ
കാണുന്നു ഏഴഴകുള്ള മാരിവില്ലുകൾ

ആരുമറിയാതൊളിപ്പിച്ചൊരാ -
യിരം സ്വപ്നക്കൂടുകളുണ്ടവൾക്ക്
ചിറകിട്ടടിച്ചുയരാൻ കൊതിച്ചവൾ തൻ
ചിറകിനെയരിഞ്ഞു വീഴ്ത്തീടാൻ
വെമ്പുന്ന ലോകരോടായ്
കേഴുന്നു ഏഴയാം സോദരി.
അവൾക്കു ചൊല്ലുവാനുള്ളതെന്തെന്നു
കേട്ടീടുവാൻ നേരമുണ്ടായില്ലാർക്കും
അരുതെന്നു ചൊല്ലി കരഞ്ഞൊരാ
പൈതലിന്നരുമമുഖം
ഓർത്തു വിതുമ്പി ഞാൻ.



ജോമോൾ ജയ്ജു

# നോവ്



കാലമേ... നിൻ.... കുതി കാൽവെപ്പിൽ
ദൂരമേറെ ഞാൻ താണ്ടിടുമ്പോൾ
പിന്തിരിഞ്ഞൊന്നു നോക്കുവാൻ വെമ്പുമ്പോൾ
തിരിച്ചറിഞ്ഞീടുന്നാ നഗ്നസത്യം
നടന്ന വഴിയില്ലൂടിനി നടക്കുവാനാവില്ലെനിക്കെന്നും നടക്കുവാനേറെ.. ദൂരമില്ലെന്നതും
സ്നേഹിച്ചുവോ.. ഞാൻ... തിരിച്ചെന്നെയും ആരെങ്കിലും...
കാത്തിരിപ്പിൻ കാലം കഴിഞ്ഞതും... കാത്തിരിക്കാനിനി.. ആരുമില്ലെന്നതും...
ലാഭനഷ്ടങ്ങൾ അരിച്ചെടുക്കുമ്പോൾ...
ഒരു കൈകുമ്പിൾ തികയില്ലയെന്നതും...
ആരുണ്ട് ബാക്കി.... ഇനിയെന്തുണ്ട്...
ശിഷ്ടമീ... ജീവിത പാതയോരത്തിങ്കൽ.



ദർശന  കെ ജി

# തീയെരിയുമ്പോൾ

ചുറ്റം തീയൊരുക്കി യുദ്ധം
പുകഞ്ഞു കൊണ്ടേയിരുന്നു.
വിരുദ്ധാശയങ്ങൾ   വേറിട്ട ചിന്തകൾ,
അഭിപ്രായനൈക്യങ്ങൾ,
യുദ്ധമൊരുത്തരമായി
തലയുയർത്തി നിന്നു.
വാർദ്ധക്യം,
ഊന്നുവടികൾ ഉരച്ചു മിനുക്കി.
സിന്ദൂരം,
തിച്ചൂളയിലെരിഞ്ഞമർന്നൊഴുകി - യൊലിച്ചിറങ്ങി.
കുഞ്ഞു മിഴികൾ,
പലഹാരപ്പൊതികളെത്താത്ത രാത്രിയിരുട്ടിന്റെ ഇരുളിമയിൽ
വിരൽത്തുമ്പിനായ് പരതി.
പട്ടിയും പൂച്ചയും പശുവും കോഴിയും
തൊലിയൊട്ടിയ അസ്ഥികൾക്കുള്ളിൽ
പിടഞ്ഞൊടുങ്ങി .
പച്ചപ്പേന്തിയ വയലേലകളിൽ
മിസൈലുകൾ അഗ്നി വിതറി പറന്നിറങ്ങി
ഇണ തേടി, കൂട്ടു തേടി,
ശേഷിച്ച പറവകൾ
തീയെരിച്ച മരച്ചില്ലകളിൽ തൂവലുകളുതിർത്തു.
സ്വച്ഛശാന്തമായൊഴുകിയിറങ്ങിയ
നദിയോളങ്ങളിൽ
കറുപ്പാർന്ന വായുവും,
ചുവപ്പാർന്ന നിണവും,
ചായം കലക്കി .
അപ്പോഴും;
അധികാരമെവിടെയോ,
സുവർണക്കൊട്ടാരത്തിൽ
വിജയി - ഭാവത്തിലുലാത്തിക്കൊണ്ടിരുന്നു!!



സരിതനാഥ്



# കൊറോണക്കൊരു ജാഗ്രത



ചൈനയിൽ നിന്നും
വന്നൊരു കോവിഡ്
ലോകം മുഴുവൻ
മാരിവിതച്ചൊരു
കൊറോണയൊന്നൊരു ഭീകരനാണേ-
അകലം വേണം
മാസ് കും വേണം
പോരാത്തതിനൊരു
സാനിറ്റൈസറും
കണ്ടാലും തൊട്ടാലും
പ്രശ്നം, ആകെ പ്രശ്നം
അതിലും വലിയ ക്വാറന്റീനും
കൊറോണ വൈറസ് ഒരു
പിടി കിട്ടാപ്പുള്ളി
പുള്ളിയെ പിടിക്കാൻ
വാക്സിനുമെത്തി
എങ്കിലും പല തരം
വകഭേദങ്ങൾ
അപ്പോഴേക്കും ഒമിക്രോണെത്തി
എങ്കിലും വിടാതെ നോക്കണം
നമ്മുടെ ജാഗ്രത
ജാഗ്രത കൊണ്ട് പോരാടീടാം.

**ആദിത്യൻ കെ എസ്**

# യാത്ര



ഏറെ ദൂരം പിന്നിട്ടപ്പോഴാണ് അയാൾക്ക് മനസ്സിലായത്, വഴി തെറ്റിയിരിക്കുന്നു.....
നേരെയാക്കാൻ നോക്കി, പറ്റുന്നില്ല.വഴികളെല്ലാം കെട്ടുപിണഞ്ഞു കിടക്കുന്നു.
അച്ഛനും അമ്മയും പറഞ്ഞു തന്ന വഴികൾ ഓർത്തെടുക്കാൻ നോക്കി.
പറ്റുന്നില്ല..അതെല്ലാം എന്നേ മറന്നു പോയിരിക്കുന്നു! ഭാര്യ കാട്ടിത്തന്ന വഴി??
അവൾ പിരിഞ്ഞുപോയപ്പോൾ ആ വഴി ഓർമ്മയിൽ നിന്നു പോലും
വലിച്ചെറിഞ്ഞിരുന്നു.
പിന്നീട്, പല വഴികളിലൂടെയുള്ള യാത്രയായിരുന്നു.
ഇപ്പോഴാണ് തിരിച്ചറിയുന്നത്,വഴി വല്ലാതെ തെറ്റിയിരിക്കുന്നുവെന്ന്.
പക്ഷേ, ഇപ്പോൾ തെറ്റിയ വഴിയിലൂടെ ഏറെ ദൂരം സഞ്ചരിച്ചപ്പോൾ കൂടെ കൂടിയ
പുതിയ ശീലങ്ങൾ ഒരു വഴികാട്ടി തരുന്നുണ്ട്...... അവസാന വഴി!



**ഡോളി സി മാത്യൂസ്**

# തിരിച്ചറിവിന്റെ വഴി



**അ**ന്ധകാരം മറച്ചുകൊണ്ട് പ്രകൃതി ചാർത്തിയ തിലകക്കുറിക്ക് സമാനമായി മാർത്താണ്ഡൻ ഉദിച്ചു. ആ ഗ്രാമം ഉണർന്നു .അരുണനെ  വരവേൽക്കാൻ താമരപ്പൂക്കൾ മന്ദഹസിച്ചു .കിളികളും, മൃഗങ്ങളും ,മനുഷ്യരും ഉണർന്നു.മലയുടെ അടിവാരത്തെ ഒരു കൊച്ചു ഗ്രമമാണ് നക്ഷത്രക്കാവ്.കൃഷി ആണ് അവരുടെ ഉപജീവനമാർഗ്ഗം. തങ്ങൾക്ക് വെള്ളം തരുന്ന തേനരുവിയും, അവരുടെ ഏറ്റവും വലിയ ആശ്രയമായ ആരോമൽക്കാടും ആണ് അവരുടെ ദൈവങ്ങൾ. ഗ്രാമത്തിന് പുറത്തെ കളങ്കം നിറഞ്ഞ നഗരജീവിതത്തെയോ ചതിയുടെ മുഖം മൂടി മറച്ചുവയ്ക്കുന്ന മനുഷ്യരെക്കുറിച്ചോ നിശ്ചയമില്ലാത്ത നിഷ്കളങ്കരായ ജനങ്ങളായിരിന്നു അവിടെ വസിച്ചിരുന്നത്.മതമോ  ജാതിയോ ഇല്ലാതിരുന്ന ആ നാടിനെ മാറ്റിമറിച്ച ദിവസമായിരുന്നു അന്ന്. അവിടത്തെ പ്രധാനിയായ ജോണേട്ടനെ കാണുവാനായി മൂന്നു പേരെത്തി. 'മിസ്റ്റർ ജോൺ അത് നിങ്ങളല്ലേ'. അതെ ആരാണ് മനസ്സിലായില്ല. ഞങ്ങൾ അങ്ങ് പട്ടണത്തിൽ നിന്ന് വരുകയാ. ശരി ഇവിടെന്താ കാര്യം ജോണേട്ടൻ ചോദിച്ചു. ഞങ്ങൾ നിങ്ങൾക്ക് ഗുണമുള്ള കാര്യമാണ് പറയാൻ പോകുന്നത്. അത് പറഞ്ഞ് ധരിപ്പിക്കാൻ തക്കവണ്ണം വിവരവും വിദ്യഭ്യാസവും ഇവിടെ താങ്കൾക്ക് മാത്രമാണെന്നാണ് പറഞ്ഞു കേട്ടത്.അവർ അയാളെ പുകഴ്ത്തി അയാൾ അതിൽ ലയിച്ചു. നിങ്ങൾ പറയൂ ഞാൻ ശരിയാക്കി തരാം. കേട്ടറിവ് വച്ച് ഈ മലയുടെ മുകളിൽ മികച്ച പാറക്കൂട്ടങ്ങൾ ഉണ്ടെന്നാണ് അറിഞ്ഞത്. ഞങ്ങൾക്ക് ഈ സ്ഥലം വിട്ടുതരുകയാണെങ്കിൽ കുറെയാൾക്കാർക്ക് ജോലി കിട്ടാനുള്ള ഒരു വഴി കൂടിയാണിത്. താൻ വിദ്യാസമ്പന്നനാണല്ലോ അതു കൊണ്ട് തൻ്റെ തീരുമാനം തന്നെ വലുത് എന്ന മനോഭാവം അയാളെക്കൊണ്ട് ഉത്തരം പറയിച്ചു. "ഇതാണോ വലിയ കാര്യം ഇത് നാട്ടുകാരേക്കൊണ്ട് സമ്മതിപ്പിക്കുന്ന കാര്യം ഞാനേറ്റു ". അയാൾ പറഞ്ഞു. അയാൾ ഗ്രാമസഭയിൽ വിഷയം അവതരിപ്പിച്ചു. തങ്ങൾക്ക് ഗുണമുള്ള കാര്യമായതിനാൽ എല്ലാവരും അതിനെ പിന്തുണച്ചു. പക്ഷെ അക്കൂട്ടത്തിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയായ "വറീത് " അതിനെ എതിർത്തു. പാറ അത് ഈ മലയുടെ ഹൃദയമാണ് ഹൃദയം നശിച്ചാൽ പിന്നെ ഒന്നും ശേഷിക്കില്ല. ഈ നാട് നശിക്കും നമ്മളെല്ലാം മരിച്ചു വീഴും. അരുത് മക്കളെ നിങ്ങളിതിന് കൂട്ടു നിൽക്കരുത്. ഇത് നാശത്തിലെ അവസാനിക്കൂ. വറീതിൻ്റെ വാക്കുകൾ ജോണിനിഷ്ടപ്പെട്ടില്ല. അയാൾ ഉറക്കെ പറഞ്ഞു. ടാ....ബ്രിസ്റ്റോ നിൻ്റെ അപ്പാപ്പനെ വിളിച്ചു കൊണ്ടു പോണതാ നിനക്ക് നല്ലത്. ശരി ജോണേട്ടാ. അപ്പാപ്പൻ ഇങ്ങുണ്ട് വന്നേ വെറുതെ നാട്ടുകാരുടെ

വായിലിരിക്കുന്നത് കേൾക്കാനായിട്ട്..... അവൻ വറീതിനെ കൊണ്ടുപോയി. സഭ തുടർന്നു. എല്ലാരും ശ്രദ്ധിച്ച് കേൾക്കണം.ജോൺ പറഞ്ഞു തുടർന്നു.ഇത്രയും നാളും ഈ നാട് കൃഷിയെ ആശ്രയിച്ചായിരുന്നു ജീവിച്ചിരുന്നത്. അതുകൊണ്ടാണ് ഈ നാട്ടിൽ മാറ്റങ്ങളൊന്നും സംഭവിക്കാത്തത്. നിങ്ങൾ പുറം ലോകം

കാണാത്തതുകൊണ്ടാണ് പുറത്തൊക്കെ എങ്ങിനെയാണെന്നറിയുമോ? എല്ലാരും പറഞ്ഞു. ഇല്ല ഞങ്ങൾക്കറിയില്ല അവിടെല്ലാമെന്താണ് ഇത പ്രത്യേകത? അവിടെ എല്ലാവർക്കുംവലിയ വീടുകളാണ്, നിറയെ പണമുണ്ട്.കാരണം അവരൊന്നും കൃഷിയെ ചേർത്തു പിടിക്കുന്നവരല്ല. അതു കൊണ്ട് നിങ്ങൾ ഈ പദ്ധതിയെ പിന്തുണക്കു. നിങ്ങൾക്ക് പെട്ടെന്ന് തന്നെ ജോലി ചെയ്ത് ഒരുപാട് സമ്പാദിക്കാം സഭയിലെ ചെറുപ്പക്കാരായവരെല്ലാം അതിനെ ശരി വച്ചു അധികാരികളുടെ അനുവാദ പ്രകാരം അവർ നക്ഷത്രക്കാവിലെത്തി .അവർ പ്രവർത്തനങ്ങളാരംഭിച്ചു.ആദ്യകാലത്ത് ജോലിക്കാരായ നാട്ടുകാരോട് മേലുദ്യോഗസ്ഥർക്ക് വലിയ അനുകമ്പയായിരുന്നു എന്നാൽ പതിയെ അതില്ലാതായി. താങ്ങാനാവാത്ത ജോലിഭാരം തുച്ഛമായ ശമ്പളം ഇത് അവർക്ക് അസഹനീയമായിരുന്നു. ഇതിനിടയിൽ ശുദ്ധജലം ഒഴുകിയിരുന്ന തേനരുവി പൊടികളും മാലിന്യങ്ങളും പതിച്ച് മലിനമായിരുന്നു.പാറ പൊട്ടിക്കാനുള്ള മരുന്ന് സൂക്ഷിച്ചിരുന്ന ചെറിയ ഷെഡുകൾ വിപുലീകരിക്കാനായും ഗതാഗത സൗകര്യത്തിനും വേണ്ടി അവർ പരിസരത്തെ മരങ്ങളെല്ലാം മുറിച്ചു മാറ്റി. വാർദ്ധക്യത്തിന്റെ അവശത തന്നെ പിടികൂടിയെങ്കിലും തൻ്റെ നാടിനെ രക്ഷിക്കാനായി വറീത് പരമാവധി ശ്രമിച്ചു പക്ഷെ പരാജയം ആയിരുന്നു ഫലം. വറീത് മരണത്തിന് കീഴടങ്ങി. കാലം കടന്നു പോയി വേനൽക്കാലം കഴിഞ്ഞു മഴക്കാലമെത്തി. തേനരുവി കവിഞ്ഞു നക്ഷത്രക്കാവ് വെള്ളത്തിനടിയിലായി. പിറ്റേന്ന് രാവിലെ രക്ഷാപ്രവർത്തകരെത്തും മുമ്പേ ഭൂമിയെയും ആകാശത്തെയും സാക്ഷിയാക്കി ആ മല നിലം പതിച്ചു."അതെ ആ ഗ്രാമ മനോഹാരിത ഇനിയില്ല ". നക്ഷത്രക്കാവ് മരിച്ചു അല്ല കൊല്ലപ്പെട്ടു.ദുരന്ത സമയത്ത് അവിടെ ഇല്ലാതിരുന്ന ജോൺ തിരികെയെത്തിയപ്പോൾ കണ്ട കാഴ്ച അയാളുടെ സമനില തെറ്റിച്ചു. തൻ്റെ നാട് വീട് കുടുംബം എല്ലാം മണ്ണിനടിയിലായിരിക്കുന്നു. അയാളുടെ ചെവിയിൽ വറീതിൻ്റെ വാക്കുകൾ മുഴങ്ങിക്കൊണ്ടിരുന്നു ." ഈ നാട് ഇല്ലാതാകും നാമെല്ലാം മരിച്ചു വീഴും"

**ആനന്ദ് കെ എസ്**

# കൂട്



ജനാലക്കരികിൽ ചെന്ന് നിന്ന് പുറത്തെ കാഴചകളെ കൗതുകത്തോടെ നോക്കി കാണുകയായിരുന്ന ചിന്നു അതിനിടയിലാണ് മുത്തശ്ശിമാവിലെ ആ കുഞ്ഞു കിളിക്കൂട് അവളുടെ കാഴ്ച്ചയിൽ പതിഞ്ഞത് അവളിലെ കൗതുകവും ആ കിളിക്കൂടിനകത്തു എന്താണെന്ന് അറിയാനുള്ള ആകാംഷയും കൂടി ഓടിച്ചെന്നു അമ്മയെ വിളിച്ച്"അമ്മേ,... അമ്മേ...... ഒന്നിങ്ങോട്ട് വന്നേ ഒരു കാര്യം കാണിച്ചു തരാം "അടുക്കളയിൽ തിരക്കിട്ട എന്തോ  പണിയിൽ ആണ് അമ്മ "ഒന്ന് വാ അമ്മേ "അവൾ അമ്മയെയും കൂട്ടി ജനലിനടുത്തേക്ക് ഓടി "എന്താ ചിന്നു, നീ കാര്യം പറ, അവൾ കിളിക്കൂട് അമ്മക്ക് ചൂണ്ടി കാട്ടി "നോക്ക് അമ്മേ എന്തു ഭംഗിയാ ആ കിളിക്കൂട് കാണാൻ "അവളിലെ കൗതുകം നോക്കി നിൽക്കുകയായിരുന്ന അമ്മ..."ഞാൻ ഒന്ന് പോയി നോക്കട്ടെ അമ്മേ ആ കൂട്ടിൽ എന്താണെന്ന് "അവൾ അമ്മയോട് അനുവാദം ചോദിച്ചു അമ്മയുടെ മറുപടി കേട്ടപ്പോൾ ആണ് അവൾക്ക് താൻ ക്വാറന്റൈൻ ആണെന്ന് ഓർമ വന്നത് ആ ചിന്ത അവളെ വല്ലാതെ നിരാശപെടുത്തി പാടത്തും പറമ്പിലും പാറിപറന്നു കളിച്ചു നടന്നിരുന്ന തനിക്ക് വീട്ടുമുറ്റത്തേക്ക് പോലും ഇറങ്ങാൻ പറ്റുന്നില്ലല്ലോ അവളുടെ കുഞ്ഞുമനസ്സ് വല്ലാതെ വേദനിച്ചു അവൾ വീണ്ടും കിളിക്കൂട് നോക്കി  ഒരുപാട് നേരം അവിടെ തന്നെ നിന്ന് അതിനിടയിലാണ് ആ കൂട്ടിൽ നിന്ന് പറന്നകലുന്ന ആ കിളി അവളുടെ ശ്രദ്ധയിൽ പെട്ടത് എത്ര മനോഹരമായിട്ട ആ കിളി പറന്നു പോകുന്നത് അവൾ സ്വയം ചിന്തിച്ചു "ഒരുന്നാൾ ഞാനും  ഇതുപോലെ പാറി നടന്നിരുന്നതല്ലേ ഇപ്പൊ ശരിക്കും കൂട്ടിൽ ആയത് ഞാനല്ലേ  "അത് കൂടെ ആയപ്പോൾ അവളിലെ വിഷമം ഇരട്ടിച്ചു .... ഇത്തിരി കുഞ്ഞൻ കാരണം എത്ര വല്യ രോഗം ആണ് ലോകം മുഴുവൻ പടരുന്നത് അവൾ ചിന്തിച്ചു.ചിന്നു വീണ്ടും അമ്മക്കരുകിലേക്ക് ഓടി തന്നിലെ സങ്കടം മുഴുവൻ ഒരു കണ്ണീർപുഴയായി ഒഴുകി. പിന്നീട് നിത്യവും അവൾ ആ കിളിയോട് സംസാരിക്കാൻ തുടങ്ങി .അവർ നല്ല കൂട്ടുകാരായി തുടർന്നു  /ആ ക്വാറന്റൈൻ കാലം അവളിൽ ഒരുപാട് നല്ല ചിന്തകൾ ഉണർത്തി.

**ആദിത്യ കെ എ**



# തവളയുടെ കൗശലം



തടാകത്തിൽ കുറേ തവളകൾ താമസിച്ചിരുന്ന തടാകത്തിന്റെ പരിസരത്തായി ഒരു പാമ്പും ജീവിച്ചിരുന്നു. കാലക്രമേണ തടാകത്തിലെ തവളകളുടെ എണ്ണം കുറയുന്നത് ശ്രദ്ധിച്ച തവളകൾ,കാര്യം അന്വേഷിച്ചു. പാമ്പാണ് തവളകളെ ഭക്ഷിക്കുന്നത് എന്ന് അവർക്ക് മനസ്സിലായി. തങ്ങളെക്കൊണ്ട് പാമ്പിനെ നേരിടാനാവില്ല എന്ന് മനസ്സിലാക്കിയ തവളകൾ,വനദേവതയെ ധ്യാനിച്ചു. വനദേവത അവർക്കായി ഒരു തവളയെ സൃഷ്ടിച്ചു. വനദേവത സൃഷ്ടിച്ച തവള മറ്റു തവളകൾക്കായി ഒരു സൂത്രം പറഞ്ഞു കൊടുത്തു. അടുത്തദിവസം മുതൽ വനദേവത അയച്ച തവള പറഞ്ഞുകൊടുത്ത സൂത്രം ഫലിച്ചു തുടങ്ങി. തവളകൾ സ്വന്തം ശരീരത്തിൽ ഒരു നീളമുള്ള കമ്പ് കെട്ടിവെക്കുക ഇതായിരുന്നു സൂത്രം. ഇങ്ങനെ ആയതോടെ പാമ്പിന് ഒരു തവളയെ പോലും ഭക്ഷിക്കാൻ സാധിക്കാതെ പാമ്പ് ആ തടാകം വിട്ടു പോയി.

ഡേവിഡ് എം ജെറിൻ

# ലില്ലി ടീച്ചറുടെ ഉദാരമനസ്സ്



ഒരു കുടുംബത്തിന്റെ മുഴുവൻ ഭാരവും ചുമക്കുന്ന കുട്ടിയാണ് അഞ്ചാം ക്ലാസുകാരനായ പ്രവീൺ. കൂലിപ്പണിക്കാരനായ അച്ഛൻ ക്യാൻസർ രോഗി അമ്മ തളർവാതം പിടിപെട്ട് പോയിട്ട് രണ്ടു വർഷം. അനുജത്തി രണ്ടാം ക്ലാസിൽ പഠിക്കുന്നു വീട് പട്ടിണിയിലായി എത്രനാൾ  പട്ടിണി സഹിക്കും?നിവൃത്തിയില്ലാതെ പ്രവീൺ അടുത്ത് ഒരു ചായക്കടയിൽ ജോലിക്ക് പോയി. പാത്രം കഴുകൽ ആണ് ജോലി.പുലർച്ചെ നാലുമുതൽ രാവിലെ എട്ടുമണി വരെ വൈകിട്ട് നാലുമുതൽ രാത്രി 10 വരെയും. ഇതിനിടയിലാണ് വീട്ടിലെ പണി. ഈ സമ്മർദ്ദമാണ്  കുട്ടിയെ അലട്ടുന്നത്. അവനെ തന്നോടുതന്നെ വെറുപ്പാണ്. എല്ലാത്തിനോടും ഒരു വിരക്തി. കുട്ടിയുടെ സ്ഥിതി മനസ്സിലാക്കിയ ടീച്ചർ സ്ഥലത്തെ ഒരു സന്നദ്ധ സംഘടനയുമായി ബന്ധപ്പെട്ടു സുമനസ്സുകളുടെ സഹായത്തോടെ പണം ശേഖരിച്ച് അച്ഛനമ്മമാരുടെ ചികിത്സാച്ചെലവിന് വഴിയൊരുങ്ങി.   കുട്ടികളുടെ പഠനത്തിന് സ്പോൺസർമാരെ കണ്ടെത്തി. അതോടെ അവന്റെ ഭാരം കുറഞ്ഞു.   പഠിക്കാനുള്ള താൽപര്യം വർധിച്ചു. ലില്ലി ടീച്ചർ ലൂടെ  മറ്റ് അദ്ധ്യാപകരും കൂട്ടുകാരും യാഥാർത്ഥ്യം തിരിച്ചറിഞ്ഞു സ്നേഹപൂർവമായ ഇടപെടലുകളിലൂടെ വിശ്വാസവും പ്രതീക്ഷയും വളർന്നു സ്വഭാവവും പെരുമാറ്റവും മെച്ചപ്പെട്ടു എല്ലാവർക്കും  പ്രിയപ്പെട്ടവനായി അവൻ പഠിച്ചു വളർന്നു.

എൽദാ മരിയ എം എസ്

# വിരലുകളുടെ തർക്കം



ഒരിക്കൽ ഒരു കൈയിലെ അഞ്ച് വിരലുകൾ തമ്മിൽ തർക്കിച്ചു.

അവരിൽ ആരാണ് പ്രധാനി എന്നായിരുന്നു തർക്കം. തള്ളവിരൽ

പറഞ്ഞു.'എന്തും എടുക്കാനും എഴുതാനും ഞാൻ വേണം ',

ചൂണ്ടുവിരൽ വാദിച്ചു "എന്തിനെയും ചൂണ്ടി കാണിക്കാനും ഒന്നാമത് എന്ന്

സൂചിപ്പിക്കാൻ വേണ്ടിയും ഞാൻ വേണം". നടുവിരൽ പറഞ്ഞു "നീളത്തിൽ ഞാനാണ്

ഒന്നാമൻ ജൻമനാ നേതാവ്:

അണിവിരൽ,അവകാശപ്പെട്ടു "വിവഹമോതിരം

അണിയുന്നത് ഞാനാണ്.കുടുംബത്തിന്റെ കിരീടവും,

സ്നേഹത്തിന്റെ പ്രതീകവും ആണ് മോതിരം“ ചെറുവിരല് പറഞ്ഞു ഏറ്റവും കൂടുതൽ

ഓമനത്തം എനിക്കാണ് .കൈ തൊഴുമ്പോൾ ഞാൻ ആണ് മുൻപിൽ

നിൽക്കുന്ന നേതാവ്. അവസാനം കൈയുടെ ഉടമസ്ഥൻ പറഞ്ഞു

നിങ്ങളെല്ലാവരും എനിക്ക് ഒരുപോലെ പ്രധാനവും പ്രിയങ്കരവും ആണ്.

ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ, ഒത്തു

ശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും".

സഫ സമീഹ

9k

# കുട്ടികൾക്കും വരും ഒരു ദിനം



**അ**ങ്ങകലെ മാവേലിപുരം ഗ്രാമത്തിൽ ധാരാളം കുടുംബങ്ങൾ താമസിച്ചിരുന്നു.
മാതാപിതാക്കൾക്ക്സുഖമില്ലാത്തവരും പട്ടിണി മൂലം ജോലിക്കുപോകാൻതയ്യാറെടുക്കുന്ന ധാരാളം കുട്ടികളും താമസിച്ചിരുന്നു. തൊട്ടടുത്ത ക്വാറികളിലുംചുമട്ട് തൊഴിലാളികളുടെ സ്ഥാപനങ്ങളിലുമൊക്കെ മാതാപിതാക്കൾപ്രായപൂർത്തിയാകാത്ത കുട്ടികളെ പണിയെടുപ്പിക്കാൻ പറഞ്ഞയച്ചു തുടങ്ങി.അതിൽ വിനു, ജിത്തു, അപ്പു എന്നീകുട്ടികളായിരുന്നു ഏറ്റവും ചെറിയത്. കുട്ടികൾ പള്ളിക്കൂടത്തിൽപോലുംപോകാതെ ആ സ്ഥാപനങ്ങളി രാപ്പകലില്ലാതെകഠിനാധ്വാനംചെയ്തുകിട്ടുന്നതുച്ഛമായ തുക അവരുടെ രക്ഷിതാക്കൾ തട്ടിയെടുത്തു.അങ്ങനെ സ്വയംതൊഴിലെടുക്കാതെ കുട്ടികളെക്കൊണ്ട് പണിയെടുപ്പിച്ച് അവർക്ക് ലഭിക്കുന്ന തുക കൊണ്ട് ജീവിക്കാനുള്ള ഒരു മാനസിക മനോഭാവംരക്ഷിതാക്കൾക്കുണ്ടായികുട്ടികളെക്കൊണ്ട് കൂടുതൽജോലി എടുപ്പിച്ച്കുറച്ച് കൂലി കൊടുക്കുകയും ചെയ്യാം എന്ന്തൊഴിലുടമകൾക്ക് തോന്നി. അങ്ങനെ ഒരുവലിയ സംഘം കുട്ടികളെഗ്രാമത്തിൽ നിന്നും ബാലവേലക്കായ് നഗരങ്ങളിലേക്ക് കൊണ്ടുപോയി. അവർക്ക് കിട്ടുന്ന കൂലി തൊഴിലുടമകൾ തന്നെ തട്ടിയെടുക്കുകയും ചെയ്തു. ഒരുവലിയ ഫാക്ടറിയിൽ അവരെ കൊണ്ട്കഠിനാധ്വാനം ചെയ്യിപ്പിച്ചു.അമിതഭാരമുള്ള സാധനങ്ങൾ കുട്ടികളെ കൊണ്ട്എടുപ്പിച്ചു. പട്ടിണിക്കിട്ടും,ദാഹിച്ചാൽ വെള്ളം കുടിക്കാൻ പോലും സമ്മതിക്കാതെയും അവർ ആ പിഞ്ചു ബാല്യങ്ങളെക്കൊണ്ട് പണിയെടുപ്പിച്ചു. വിശപ്പും ദാഹവും സഹിച്ച് വയറ്റുക്കിപ്പിടിച്ച് നടക്കുമ്പോഴും അവർക്ക് ഈ ഗതി വരുത്തിയ മടിയന്മാരും അത്യാഗ്രഹികളുമായ സ്വന്തം മാതാപിതാക്കളെ അവർ മനസ്സിൽപ്പോലും പഴിച്ചില്ല. അങ്ങനെയിരിക്കെ ഫാക്ടറിക്കെതിരായി സാമൂഹ്യ പ്രവർത്തകർ സമരം ചെയ്യാൻ തുടങ്ങി.പുഴകൾക്കും വനങ്ങൾ ക്കും പിഞ്ചുകുഞ്ഞുങ്ങൾക്കും വരെ ദോഷകരമായ ആ ഫാക്ടറി അടച്ചുപൂട്ടി. ഒരു വലിയ സാമൂഹ്യ പ്രവർത്തകനായ ആ നഗരത്തിന്റെ പിതാവ് ബാലവേലയിൽ നിന്ന് മോചനം ലഭിച്ച പിഞ്ചു ബാലികാബാലന്മാർക്ക് വിദ്യഭ്യാസം ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്തുകൊടുത്തു.അങ്ങനെ അവർ പഠിച്ച് വളർന്ന് വലിയഉദ്യോഗസ്ഥരായി മടിയന്മാരായ മാതാപിതാക്കളെ കണ്ട് അവരുടെ മനസ്സിലെ മടിയുടെ സാത്താനെ അഴിച്ചുവിട്ട് അധ്വാനശീലം വളർത്തി.മാവേലിപുരം ഗ്രാമത്തേയും മറ്റ് ഗ്രാമങ്ങളേയും നഗരങ്ങളേയും അവർ ഒന്നിച്ചു നിന്ന്ബാലവേലവിമുക്തമാക്കി. എല്ലാ കുട്ടികളുടെയും സംരക്ഷണം ഉറപ്പുവരുത്തി. അങ്ങനെ ബാലവേല എന്ന വലിയൊരു വിപത്തിനെ അവർ ചെറുത്തു തോൽപ്പിച്ചു.

**സോന.സി.എസ്**
9B

# അമ്മുവിന്റെ മാറ്റം



തിയതി : ചൊവ്വ,മാർച്ച് 3, 2022, 20:10

**ര**ണ്ട് വർഷങ്ങൾക്ക് മുമ്പുവരെ  അമ്മു ഇങ്ങനെ ഒന്നുമായിരുന്നില്ല ചിരിയും കളിയും കൊച്ചുകൊച്ചു ഇണക്കങ്ങളും പിണക്കങ്ങളും ഒക്കെ ഇന്ന് അവളിൽനിന്ന് എവിടേക്കോ മാഞ്ഞിരിക്കുന്നു ഇപ്പോഴൊക്കെ അവളുടെ ശബ്ദം ഉയരുന്നത്പോലും അപൂർവമാണ് ഇതൊക്കെ പറയാൻ ഞാൻ ആരാണെന്ന് അല്ലേ ഇപ്പോൾ നിങ്ങൾ ചിന്തിക്കുന്നത് അവളുടെ മുറിയിൽ അവൾ തന്നെ കൊണ്ടുവന്നു വച്ച മണി പ്ലാന്റ് പണ്ടൊക്കെ  എന്റെ അടുത്ത് വന്നിരുന്ന് സംസാരിക്കുകയും എന്നെ തലോടുകയും ഒക്കെ ചെയ്യുമായിരുന്നു പക്ഷേ ഇപ്പോൾ അങ്ങനെ ഒന്നുമില്ല ഇപ്പോൾ എല്ലാം അവൾ ഏതോ ആലോചനയുടെ ലോകത്താണ് എപ്പോഴും. പിന്നെ പലപ്പോഴും ഒറ്റയ്ക്ക്  ഇരുന്ന  കരയുന്നതും കാണാം എത്രനേരത്തെ  ഉറങ്ങാൻ  വേണ്ടി മുറിയിൽ കയറിയാലും ഫോണിൽ  കളിച്ച  പുലർച്ചയാവും.ഉറങ്ങാൻ  സംശയം തോന്നി മുത്തശ്ശി എങ്ങാനും മുറി തുറന്ന നോക്കിയാൽ മൊബൈൽ കമിഴ്ത്തിവെച്ച ഒരൊറ്റ കിടത്തം  അമ്മ ഒരു ഡോക്ടറാണ് അച്ഛൻ ഒരു വലിയ കമ്പനിയിൽ എക്സിക്യൂട്ടീവ് മാനേജ്മെന്റ് അച്ഛനും അമ്മയും രണ്ട് വഴിക്ക് പിരിഞ്ഞു ശേഷം ഇപ്പോൾ മുത്തശ്ശിയുടെ അടുത്താണ് അച്ഛന്റെയും അമ്മയുടെയും വിവാഹ മോചനവും  കോവിഡ്  കാരണം സ്കൂൾ അടയ്ക്കുന്നത് നാട്ടിലെങ്ങും ലോക്ഡൗൺ ആവുന്നതും എല്ലാം ഒരു സമയത്തായിരുന്നു അച്ഛന്റെയും അമ്മയുടെയും സ്നേഹം കൂട്ടുകാരുമായുള്ള സൗഹൃദം എല്ലാം നഷ്ടപ്പെട്ടതോടെ വീടിന്റെ നാല് ചുവരുകൾക്കിടയിൽ അവൾ ഒതുങ്ങിക്കൂടി പതിയെ പതിയെ ദിനംപ്രതി മാറി തുടങ്ങി പിന്നെ വല്ലപ്പോഴും ഇപ്പോൾ അവളുടെ മുഖത്ത് ചിരി സന്തോഷം കാണുന്നത് സ്കൂൾ തുറക്കുന്നു എന്ന വാർത്തകൾ കേൾക്കുമ്പോൾ മാത്രമാണ്  ഒരു ലിങ്കിൽ  നിന്നും മറ്റൊരു ലിങ്കിലേക്കു  അങ്ങനെ അങ്ങനെ കാലം കുറച്ച് ആയി  ഇതിൽ ആരെയും  കുറ്റം പറയാൻ സാധിക്കില്ല രണ്ടുദിവസം മുമ്പ് അവൾ സ്കൂളിലേക്ക് പോയി തുടങ്ങി മുഖത്ത് ഒരു പുഞ്ചിരിയുമായി ആ പുഞ്ചിരിയിൽ  ഒരു പ്രതീക്ഷ ഉണ്ടായിരുന്നു ഉയരങ്ങളിലേക്ക് എത്തിപ്പെടാനുള്ള തിടുക്കവും

"ഇത് ഒരുദാഹരണം മാത്രമാണ് അവർക്ക് സംഭവിച്ച അതേ പ്രശ്നങ്ങളും വിഷമങ്ങളും ആയി ഇന്ന് ഒരുപാട് കുട്ടികൾ നമ്മളുടെ ചുറ്റിലുമുണ്ട് "

അവരെ തിരിച്ചറിയാം താങ്ങും തണലും ഏകാം....

**സാന്ദ്ര ബാബു**

# പുതിയ ലോകം



കോവിഡ് 19 മൂലം ഓൺലൈൻ കാലഘട്ടത്തിൽ കുട്ടികൾക്കുണ്ടാകുന്ന മാറ്റങ്ങൾ നിരവധിയാണ്. ഇതൊരു കെട്ടുകഥയല്ല. യഥാർഥ ജീവിതത്തിൽ എന്റെ കുടുംബത്തിൽ ഒരു കുട്ടിക്ക് കോവിഡ് കാലത്തുണ്ടായ മാനസികമാറ്റങ്ങളെക്കുറിച്ചാണ് ഞാനിവിടെ നിങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നത്.

കഥ ഇവിടെ തുടങ്ങുകയാണ്.ഡോൺ ബോസ്കോ സ്കൂളിൽ മികച്ച മാർക്ക് 10-ാം ക്ലാസിൽ കരസ്ഥമാക്കിയ കുട്ടിയാണ് അനൽ കൃഷ്ണ.ആ സ്കൂളിൽ തന്നെ +1 മികച്ച വിജയം കൈവരിച്ചു. +2 ആയപ്പോഴാണ് ഓൺലൈൻ സംവിധാനം അനലിന്റെ ജീവിതത്തിലേക്ക് ഇടിച്ചു കയറുന്നത്.ഓൺലൈൻ ക്ലാസുകളുടെ ആരംഭമാണ് നന്നായി പഠിച്ചിരുന്ന അനലിന്റെ ജീവിതം അടിമുടി മാറ്റി മറിച്ചത്.കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട് അപ്രതീക്ഷിതമായ അച്ഛന്റെ വരവും ആശുപത്രിയിൽ നഴ്സായി ജോലി ചെയ്യുന്ന അമ്മയ്ക്ക് കോവിഡ് ഡ്യൂട്ടി മൂലം മാസങ്ങളോളം ആശുപത്രിയിൽ കഴിയേണ്ടി വന്നതും അനലിന്റെ മേലുള്ള ശ്രദ്ധക്കുറവിനു കാരണമായി. സ്കൂളിലെ ടീച്ചർമാരും കൂട്ടുകാരുമായുള്ള  ബന്ധത്തിൽ നിന്നും റൂമും മൊബൈലുമായി അവന്റെ ലോകം ചുരുങ്ങി.പതിയെപ്പതിയെ അവന്റെ സ്കൂൾ കൂട്ടുകാരിൽ നിന്നും ഓൺലൈൻ കൂട്ടുകെട്ടിലേക്കുള്ള യാത്ര പെട്ടെന്നായിരുന്നു.പഠിത്തത്തിലുള്ള ശ്രദ്ധയും,വിശപ്പും ദാഹവും മറന്ന് മണിക്കൂറുകളോളം ഓൺലൈൻ ഗെയിമിൽ അവൻ മുഴുകിയിരുന്നു.ആരോടും സംസാരിക്കാതെയും ഭക്ഷണം കഴിക്കാതെയും ഉറക്കം പോലും നഷ്ടപ്പെടുത്തിയും അവൻ ഓൺലൈൻ ഗെയിമിന്റെ അടിമയായി മാറി. ഓൺലൈൻ കൂട്ടുകെട്ട് പതിയെ അവനെ മയക്കുമരുന്നിന്റെയും ലോകത്തേയ്ക്ക് കൈ പിടിച്ചു നടത്തി.

അങ്ങനെയിരിക്കെ ഒരുദിവസം ഓൺലൈൻ ഗെയിമിന്റെ സാധനങ്ങൾ വാങ്ങുന്നതിനായി അച്ഛനോട് പണം ആവശ്യപ്പെടുകയും അച്ഛൻ അത് നിരസിക്കുകയും ചെയ്തപ്പോൾ അവൻ അച്ഛനെ അടിക്കാൻ കൈ ഓങ്ങി.മകന്റെ സ്വഭാവമാറ്റം കണ്ട് ഒരു നിമിഷം അച്ഛൻ തരിച്ചു നിന്നു.അതിന്റെ അടുത്ത ദിവസമാണ് അവന്റെ +2 റിസൾട്ട്

വന്നത്. SSLC-യ്ക്ക് 92% മാർക്ക് വാങ്ങിയ അവൻ 60%-ത്തിലേക്കായി ചുരുങ്ങി. അതിനിടയിലാണ് അമ്മയുടെ ATM കാർഡിൽ നിന്ന് കുറച്ച് കുറച്ചായി പണം നഷ്ടപ്പെടുന്ന വിവരം അമ്മയുടെ ശ്രദ്ധയിൽപ്പെട്ടത്. അതിനെത്തുടർന്ന് അവനെ ചോദ്യം ചെയ്തപ്പോൾ ആദ്യമൊക്കെ എതിർത്തെങ്കിലും,പിന്നീടവൻ കുറ്റം സമ്മതിച്ചു. അച്ഛനമ്മയും അവനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട് ഒരു വർഷമായി നാട്ടിൽ നിൽക്കുന്ന അച്ഛന്റെ അവസ്ഥയും,കോവിഡ് എന്ന മഹാമാരിയിലും മരണത്തെ മുഖാമുഖം കണ്ട് തനിക്ക് വേണ്ടി കഷ്ടപ്പെടുന്ന അമ്മയുടെ അവസ്ഥയും ഓർത്ത് അവൻ,ചെയ്ത പ്രവൃത്തിയിൽ മനം നൊന്ത് ഒരു നിമിഷം അവൻ ആത്മഹത്യയ്ക്ക് ശ്രമിച്ചു.ആ ആത്മഹത്യയിൽ നിന്ന് അവന്റെ അച്ഛന്റെയും അമ്മയുടെയും പ്രാർഥനയുടെ ഫലമായും കൗൺസിലിംഗ് മൂലവും അവന്റെ പഴയ ജീവിതത്തിലേക്ക് അവൻ തിരിച്ചു വന്നു.രണ്ടു മാസത്തിനുശേഷം എൻജിനീയറിങ് എൻട്രൻസ് കോളേജിൽ കെമിക്കൽ എൻ ജിനീയറിങ്ങിൽ സീറ്റ് നേടുന്നു....ഇപ്പോൾ അവന്റെ ലക്ഷ്യം ക്യാമ്പസ് സെലക്ഷനിലൂടെ നല്ലൊരു ജോലി നേടാനാണ്.

"ഇത് വെറുമൊരു കഥയല്ല,ഒരുപാട് കുട്ടികളുടെ ജീവിതത്തെ ബാധിച്ച യാഥാർഥ്യങ്ങളാണ്."

**ദേവിക.ഹരിദാസ്**
9M



## എന്റെ കോവിഡ്കാല അനുഭവം



ഓൺലൈൻ പഠനം എനിക്കുണ്ടാക്കിയ മാറ്റങ്ങൾ എന്നെ ചിത്രം വരക്കാനും പഠിപ്പിച്ചു. കോവിഡ് 19 മൂലം ഓൺലൈൻ പഠനം നടത്തി. പിന്നെ കുറച്ചുദിവസമായപ്പോഴേക്കും എനിക്ക് എന്റെ ടീച്ചറെയും കൂട്ടുകാരെയും കാണണമെന്ന് തോന്നി. പിന്നെ പിന്നെ ഓൺലൈൻ പഠനം ഇടങ്ങിയിരുന്നു. അപ്പോൾ ഞാൻ നല്ലതുപോലെ ക്ലാസുകൾ കാണാനും തുടങ്ങി. ഇപ്പോൾ എനിക്ക് മാറ്റമുണ്ടായത് പഠിപ്പിലാണ്. ആദ്യം എനിക്ക് പഠിക്കാൻ താല്പര്യമുണ്ടായിരുന്നില്ല. എന്നാൽ ഓൺലൈൻ ക്ലാസ് തുടങ്ങിയപ്പോൾ എനിക്ക് പഠിപ്പിലൊരു താല്പര്യം വന്നു. അങ്ങനെ ഞാൻ പഠിക്കാൻ തുടങ്ങി. ചെടികൾ നട്ടും, വള ർത്തിയും,പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ ഈ ഓൺലൈൻ കാലം എന്നെ പഠിപ്പിച്ചു. ബുദ്ധിമുട്ടുള്ള വിഷയങ്ങൾ വായിക്കാനും പഠിക്കാനും ഓൺലൈൻ പ്രവർത്തങ്ങൾ ചെയ്യാനും ഓൺലൈൻ കലാപരിപാടികളിൽ പങ്കെടുക്കാനും ഈ ഓൺലൈൻ പഠനം വളരെ ഉപയോഗപ്രദമായി മാത്രമല്ല എന്റെ സ്വഭാവരീതിയിലും വളരെയധികം മാറ്റമുണ്ടായിട്ടുണ്ട്. ഒഴിവുസമയങ്ങളിലെല്ലാം സ്കൂട്ടർ ഓടിക്കാൻ പഠിക്കുകയും പുതിയ പ്രവർത്തനങ്ങൾ ചെയ്യുകയും നോട്ട് എഴുതുകയും ഓരോ വിഷയങ്ങൾ പഠിക്കുകയും ചെയ്തിരുന്നു. ഓൺലൈൻ പഠനം ധാരാളം സമയം ഉണ്ടാക്കികത്തന്നിരുന്നു. പിന്നെ ഞാറാഴ്ചകളിലും മറ്റുദിവസങ്ങളിലും ഞാൻ അമ്മയുടെ സഹായത്തോടെ ഭക്ഷണം ഉണ്ടാക്കാൻ തുടങ്ങി. വീട്ടിലെ പണികൾ ചെയ്യാനും ഒഴിവുദിവസങ്ങളിൽ എനിക്ക് സാധിച്ചു. കൂടാതെ അച്ഛനിൽനിന്നും അമ്മായിൽനിന്നും നല്ല നല്ല പാഠങ്ങൾ മനസിലാക്കാൻ കഴിഞ്ഞു. നല്ല രീതിയിൽ മുതിർന്നവരോട് സംസാരിക്കാനും അവർ എന്നെ പഠിപ്പിച്ചു. ഇതൊക്കെയാണ് ഈ ഓൺലൈൻ കാലഘട്ടത്തിൽ എനിക്കുണ്ടായ മാറ്റങ്ങൾ.

**അനന്ദകൃഷ്ണ - കെ. ടി**

IX F

# കാലാവസ്ഥവ്യതിയാനം



നമ്മൾ ഇതുവരെ അനുവർത്തിച്ച
പ്രത്യേകിച്ചും വ്യവസായ വിപ്ലവാനന്തരം
പിന്തുടർന്നു പോന്ന വികസന
സമീപനത്തിന്റെ അനിവാര്യ
പ്രത്യാഘാതങ്ങളാണ് ആഗോള താപനത്തിനും
കാലാവസ്ഥാ വ്യതിയാനത്തിനും കാരണമായത് .

ഇന്ന് ലോകത്തെ മുഴുവൻ
നിസ്സഹായാവസ്ഥയിലെത്തിച്ച
കൊറോണ വൈറസിന്റെ വ്യാപനവും
അനീതി നിറഞ്ഞ ഒരു
വ്യവസ്ഥിതിക്കു സംഭവിക്കുന്ന
തിരിച്ചടിയായാണ്
മനസ്സിലാക്കേണ്ടത്.



ബംഗ്ലാദേശിൽ നിന്ന് മാത്രം 2050
ആവുമ്പോഴേക്കും 5 കോടി
അഭയാർത്ഥികൾ കാലാവസ്ഥാ
ദുരന്തം മൂലം
നാടുവിടേണ്ടിവരുമെന്നാണ് ഒരു
കണക്ക്.

ഭൂമിയിലെ ആറാമത്തെ
മഹാവംശനാശം എന്ന് പരിസ്ഥിതി
ശാസ്ത്രജ്ഞർ വിളിക്കുന്ന
കൊടിയ ദുരന്തത്തിന്റെ
വക്കത്താണ് നമ്മൾ എന്ന
തിരിച്ചറിവെങ്കിലും, വാസ്തവത്തിൽ
നമ്മുടെ വഴികൾ മാറ്റുവാൻ നമ്മെ
പ്രേരിപ്പിക്കേണ്ടതാണ്.

# കാലാവസ്ഥാവ്യതിയാനം മൂലം ഇന്ത്യയിൽ സമീപകാലത്തു സംഭവിച്ച ചില ദുരന്തങ്ങൾ

| കൊല്ലം | സംഭവം | സ്ഥലം | കണക്കാക്കിയ മരണങ്ങൾ |
|---|---|---|---|
| 2005 | കനത്ത വർഷപാതം | മുംബൈ | 1100 |
| 2013 | മേഘവിസ്ഫോടനം | കേദാർനാഥ് | ≥ 5000 |
| 2015 | കനത്ത വർഷപാതം | ചെന്നൈ | 500 |
| 2018 | ഉഷ്ണ തരംഗം | ഇന്ത്യയിൽ മൊത്തം | 2405 |
| 2018 | കനത്ത വർഷപാതം | കേരളം | 500 |
| 2019 | വളരെ കൂടിയ താപനിലകൾ | മഹാരാഷ്ട്ര, മധ്യപ്രദേശ് | 50 |
| 2019 | കനത്ത മഴയും പ്രളയവും | കേരളം, മഹാരാഷ്ട്ര, കർണാടക, ഗോവ | 300 |

വൈഷ്ണവി - പി.എസ്
9 I

# കണക്കിലെ കളികൾ



1

തവളപിടുത്തം

വയൽ ഉഴുമ്പോൾ കൊക്കുകൾ ചെളിയിൽ ചാടുന്ന തവളകളെ പിടി യ്ക്കാൻ കാത്തിരിക്കുന്നത് കണ്ടിട്ടില്ലേ. രസകരമായ ഒരു കാഴ്ചയാണി ത്. ഇത്തരത്തിലിരിക്കുന്ന അഞ്ച് കൊക്കുകൾക്ക് അഞ്ച് തവളകളെ പിടി യ്ക്കാൻ 5 മിനുട്ട് വേണം എങ്കിൽ ഇതേ വേഗതയിൽ 100 കൊക്കുകൾക്ക് 100 തവളകളെ പിടിയ്ക്കാൻ എത്ര സമയം വേണം.

ഉത്തരം: 5 മിനുട്ടു തന്നെ.(ഒരു കൊക്കിന് ഒരു തവളയെ പിടിക്കാൻ 5 മിനുട്ടാണ്)

2

എത്ര സഹോദരികൾ?

മുമ്പ് കേരളത്തിൽ കൂട്ടുകുടുംബവ്യവസ്ഥയായിരുന്നു. സ്ഥലം കൂടു തൽ കൃഷിയ്ക്ക് ഉപയോഗിക്കാം, കുറഞ്ഞ ചിലവുകൾ, ഇന്ധന ലാഭം എന്നിങ്ങനെ പല ഗുണമേന്മയും കൂട്ടുകുടുംബത്തിലൂടെ ലഭ്യമായിരുന്നു. അത്തരം ഒരു വലിയ കൂട്ടുകുടുംബത്തിൽ 7 ആൺമക്കളുണ്ട്. എല്ലാ വർക്കും സഹോദരിമാരുണ്ടെങ്കിൽ ആ കുടുംബത്തിൽ ആകെ എത്രപേ രുണ്ടാകും?

ഉത്തരം: ഒരച്ഛനും അമ്മയും ഉൾപ്പെടെ 10 പേർ + അച്ഛന്റെ സഹോദരി + അമ്മയുടെ സഹോദരി ആകെ 12 പേർ

3

ഒരു ലിറ്റർ മണ്ണെണ്ണ അളക്കാമോ?

ഒരു വലിയ വീപ്പയിൽ നിറയെ മണ്ണെണ്ണയുണ്ട്. നിങ്ങളുടെ കൈവശം ഒരു 3 ലിറ്റർ പാത്രവും ഒരു 5 ലിറ്റർ പാത്രവും ആണ് ഉള്ളതെങ്കിൽ അവ ഉപയോഗിച്ച് ഒരു ലിറ്റർ മണ്ണെണ്ണ എങ്ങനെ കൃത്യമായി അളന്നെടുക്കും?

ഉത്തരം: 3 ലിറ്റർ പാത്രത്തിൽ നിറച്ചെടുത്ത് ഒഴിഞ്ഞ 5 ലിറ്റർ പാത്രത്തിലൊഴിക്കുക.
ഇപ്പോൾ 3 ലിറ്റർ പാത്രത്തിൽ 1 ലിറ്റർ ബാക്കി വരും.



# ജലത്തിന്റെ പ്രധാന്യം



ശരീരത്തിൽ 90% ത്തോളം ജലം അടങ്ങിയിരിക്കുന്നു. എല്ലാ ഉപാപചയ പ്രവർത്തനങ്ങളുടെയും  മാധ്യമവും ജലം തന്നെ. അതിനാൽ ജീവന്റെ നിലനിൽപിന് വെള്ളം അത്യന്താപേക്ഷിതമാണ്.

ജലം രോഗാണുവിമുക്തമാണെന്നു ഉറപ്പാക്കിയതിനു ശേഷം മാത്രം ഉപയോഗിക്കുക. തിളപ്പിച്ചാറ്റിയ ജലം അല്ലെങ്കിൽ വാട്ടർ പ്യൂരിഫയർ ഉപയോഗിച്ച ശുദ്ധീകരിച്ച ജലം മാത്രം ഉപയോഗിക്കുക. ടാപ്പിൽ കൂടി ലഭ്യമാകുന്ന ജലം ശുദ്ധീകരിച്ച ശേഷമേ ഉപയോഗി ക്കാവൂ . ആവശ്യത്തിന് ക്ലോറിനേഷൻ നടത്തിയിരിക്കണം. ജലം എടുക്കുന്ന സ്ഥലവും സൂക്ഷിക്കുന്ന സ്ഥലവും വൃത്തിയുള്ളതാകണം. കിണറുകൾക്കു ചുറ്റുമതിൽ ഉണ്ടായിരിക്കണമെന്നു മാത്രമല്ല ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് ജലം ശുദ്ധികരിക്കുകയും ചെയ്യണം. ജലം സൂക്ഷിക്കുന്ന പാത്രങ്ങളും ജലം കുടിക്കാൻ ഉപയോകിക്കുന്ന ഗ്ലാസുകളും ശുദ്ധജലത്തിൽ കഴുകിയശേഷം മാത്രം ഉപയോഗിക്കുക. പാത്രം കഴുകുന്നതിനും, പാചകത്തിനും, കൈകൾ കഴുകാനും,പല്ല് തേക്കാനും ഉപയോഗിക്കുന്ന ജലം ശുദ്ധമായിരിക്കണം. ക്ലോറിൻ കൊണ്ടുള്ള ശുദ്ധികരണത്തിലൂടെ മാത്രം പല രോഗ ങ്ങളെയും നശിപ്പിക്കാനാവില്ലെന്നത് പ്രത്യേകം ശ്രദ്ധിക്കുക.

# വ്യായാമമില്ലായ്മകൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ



വ്യായാമം കൊണ്ടുള്ള പ്രയോജനങ്ങൾ നിരവധിയാണ്. ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും ഗ്രന്ഥികൾക്കും കോശങ്ങൾക്കും ശരിയായ പ്രവർത്തനത്തിന് പോഷകങ്ങൾ കൂടാതെ വ്യായാമവും ആവശ്യമാണ്. വ്യായാമം ചെയുമ്പോൾ പേശികൾ കൂടുതൽ പ്രവർത്തിക്കുന്നതുകൊണ്ട് കൂടുതൽ രക്തം എത്തിക്കുവാൻ വേണ്ടി ഹൃദയം കൂടുതൽ വേഗത്തിൽ പമ്പ് ചെയുക. അതിനുവേണ്ടി ഹൃദയപേശികൾ നന്നായി സങ്കോചിക്കുന്നു. വ്യായാമമില്ലായ്മ ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾക് കാരണമാകുന്നു. വ്യായാമത്തിന്റെ അഭാവത്തിൽ ശരീരത്തിൽ ഇൻസുലിന്റെ പ്രവർത്തനം കാര്യക്ഷമമായിനടക്കുകയില്ല.സ്ട്രസ്സ് ,വിഷാദരോഗങ്ങൾ, ഉന്മേഷമിലായ്മ, ഉറക്കമില്ലായ്മ ഇവയൊക്കെ വ്യായാമം ഇല്ലാത്തവർക്കാണ് കൂടുതൽ കാണപ്പെടുന്നത്. വ്യായാമം ചെയ്യുമ്പോൾ തലച്ചോറിലേക്കുള്ള  രക്തപ്രവാഹം മെച്ചപ്പെടുന്നതുകൊണ്ട് കൂടുതൽ പോഷകങ്ങളും ഓക്സിജനും ലഭിക്കുന്നു. വ്യായാമം എല്ലുകളിൽ കാൽസ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു. വ്യായാമം ഇല്ലാത്തവരിൽ രോഗപ്രതിരോധശക്തി കുറയുന്നു.

# സൈബർ ലോകത്തിലേക്ക്



"അച്ഛാ, എനിക്കൊരു മൊബൈൽ ഫോൺ വാങ്ങിത്തരുമോ"?

" എട്ടാം ക്ലാസിൽ പഠിക്കുന്ന നിനക്ക് എന്തിനാ മൊബൈൽ ഫോൺ"?

" അത് എനിക്ക് ഗെയിം കളിക്കണം, കൂട്ടുകാരുമായി എപ്പോഴും സംസാരിക്കണം , പാട്ടുകേൾക്കണം, പുതിയ ഫോട്ടോകൾ എടുക്കണം.... അങ്ങനെ പലതും ചെയ്യാനാണ്".

"നീ ഇപ്പോ പഠിക്കുകയല്ലേ, നിന്റെ ശ്രദ്ധ മാറിപ്പോകില്ലേ? പഠനം മോശമാകില്ലേ"?

"ഇല്ലച്ഛാ, പഠനം ഒരിക്കലും മോശമാകില്ല. കമ്പ്യൂട്ടറു ം മൊബൈൽ ഫോണുമൊക്കെ പഠനത്തിന് നല്ലതാ".

" അത് നിന്നോട് ആരാ പറഞ്ഞത്"?

"എന്റെ കൂട്ടുകാർ, അവർക്കൊക്കെ മൊബൈൽ ഫോണും വീട്ടിൽ കമ്പ്യൂട്ടറു  ക്കെയുണ്ട്. അവർ നന്നായി പഠിക്കുന്നുമുണ്ട്".

"ഓ, അതുശരി, നിനക്ക് മൊബൈൽ ഫോണും കമ്പ്യൂട്ടറും ഉപയോഗിക്കാനൊക്കെ അറിയാമോ"?

" അതൊക്കെ വാങ്ങിക്കഴിഞ്ഞു പഠിക്കാവുന്നതല്ലേ? കിട്ടാത്ത സാധനം എങ്ങനെയാ ഉപയോഗിക്കാൻ പഠിക്കുന്നത്"?

ഒട്ടുമിക്ക വീടുകളിലും നടന്നിട്ടുണ്ടാകാൻ സാധ്യതയുള്ള ഒരു സംഭാഷണമാണിത്. പുതിയ സാങ്കേതികവിദ്യ കുട്ടികൾ  വളരെ എളുപ്പം സ്വായത്തമാക്കുന്നു. അതിനാൽ സാങ്കേതികമായി ഉന്നതമാണെന്ന് പൊതുവെ വിലയിരുത്തപ്പെടുന്ന കമ്പ്യൂട്ടറും ലാപ് ടോപ്പും ഇന്റർനെറ്റും മൊബൈൽ ഫോണുമൊക്കെ കുട്ടികൾ   വിവരശേഖരണത്തിനും ആശയവിനിമയത്തിനും ഉതകുന്ന നിരവധി സാധ്യതകൾ കമ്പ്യൂട്ടറുകൾ നമുക്കു തരുന്നു. വേഗത, കൃത്യത എന്നിവ എവിടെയും പ്രതീക്ഷിക്കുന്ന മനുഷ്യൻ അതിനായി കമ്പ്യൂട്ടറുകളെ ആശ്രയിക്കുന്നു.സഞ്ചിയിൽ വയ്ക്കാവുന്നതും മടിയിൽ വയ്ക്കാവുന്നതും കയ്യിൽ കൊണ്ടുനടക്കാവുന്നതുമായ പലരൂപത്തിലുള്ള കമ്പ്യൂട്ടറുകൾ ഇന്ന് വിപണിയിലുണ്ട്.

കമ്പ്യൂട്ടറുകളും ആധുനിക വിവരവിനിമയ സാധ്യതകളും കൂടി നമുക്കു തുറന്നു തന്ന ലോകമാണ് സൈബർ ലോകം. കമ്പ്യൂട്ടർ ശൃംഖലകളും അതിൽ വിഹരിക്കുന്ന വ്യക്തികളും ഉപകരണങ്ങളും സാധ്യതകളും ( ടെക്സ്റ്റ്, ഇമേജ് , ഓഡിയോ, വീഡിയോ .....) ഉൾക്കൊള്ളുന്ന ഒരു ലോകം; അതിനു കൃത്യമായ നിലനിൽപ്പും വളർച്ചയും അസ്ഥിത്വവുമുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഏതൊരു വ്യക്തിയും അറിഞ്ഞോ അറിയാതെയോ സൈബർ ലോകത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഭാഗ്യവുമാണ്.


# **Python** ഉപയോഗിച്ച് ഒരു **AI** ചാറ്റ് ബോട്ട് സൃഷ്ടിക്കുക

കഴിഞ്ഞ മാസം, Python പ്രോഗ്രാമിംഗ് ഭാഷയുടെ അടിസ്ഥാനകാര്യങ്ങൾ നമ്മൾ പഠിച്ചു. അതുമായി കൂടുതൽ പരിചയപ്പെടാൻ, നമുക്ക് രസകരമായ ഒരു പ്രോജക്റ്റ് സൃഷ്ടിക്കാം: AI ചാറ്റ്ബോട്ട്. ചാറ്റ്ബോട്ടുകൾ ദൈനംദിന ജീവിതത്തിൽ, പ്രത്യേകിച്ച് വെബ്സൈറ്റുകളിലും സേവനങ്ങളിലും പതിവായി കാണപ്പെടുന്നു. Amazon's Alexa, Google Assistant, Microsoft Cortana എന്നിവ ഉദാഹരണങ്ങളാണ്.

അപ്പോൾ**,** നമുക്ക് തുടങ്ങാം**:**

"ഹലോ" അല്ലെങ്കിൽ "എങ്ങനെയുണ്ട്" എന്നിങ്ങനെയുള്ള അടിസ്ഥാന കമാൻഡുകളോട് പ്രതികരിക്കുന്ന ഒരു ചാറ്റ്ബോട്ട് നമ്മൾ ഉണ്ടാക്കുന്നതായിരിക്കും. തുടക്കം കുറിക്കാൻ,

1. Desktop ൽ main.py എന്ന് പേരുള്ള ഫയൽ ഉണ്ടാക്കൂ.
2. ഈ ഫയൽ ഡബിൾ ക്ലിക്ക് ചെയ്ത് Text Editor ൽ തുറക്കുക.
3. ഡെസ്ക്ടോപ്പിൽ റൈറ്റ് ക്ലിക്ക് ചെയ്ത് "Open in Terminal" അമർത്തുക. നിങ്ങൾക്ക് ഇതുപോലുള്ള ഒരു വിൻഡോ കാണാൻ കഴിയും:



ഇനി നമുക്ക് കോഡ് എഴുതാം.

ഒന്നാമതായി, ഉപയോക്താവിൽ നിന്ന് കമാൻഡ് ലഭിക്കേണ്ടതുണ്ട്, ഇതിനായി നമുക്ക് input() ഉപയോഗിക്കാം.

```
command = input()
```

കമാൻഡ് "hello" ആണെങ്കിൽ, അത് "hi" എന്ന് പ്രതികരിക്കുന്ന തരത്തിൽ നമ്മൾ ഇത് നിർമ്മിക്കും.
അതിനാൽ കമാൻഡ് "ഹലോ" ആണോ എന്ന് നമ്മൾ പരിശോധിക്കും:

```
command = input()
if (command == "hello"):
```

ഇപ്പോൾ, നമുക്ക് "ഹായ്" എന്ന് മറുപടി നൽകേണ്ടതുണ്ട്, അത് പൈത്തണിന്റെ `print()` ഉപയോഗിച്ച് വളരെ എളുപ്പമാണ്.

```
command = input()
if (command == "hello"):
        print("hi")
```

ഇപ്പോൾ, നമുക്ക് ഇത് കൂടുതൽ കമാൻഡുകൾക്കായി നീട്ടാം. ചില ഉദാഹരണങ്ങൾ ഇതാ:

```
command = input()
if (command == "hello"):
        print("hi")
if (command == "how are you"):
        print("im fine")
```

നിങ്ങൾ തുറന്ന ടെക്സ്റ്റ് എഡിറ്ററിൽ ഈ കോഡ് ടൈപ്പ് ചെയ്ത് സേവ് ചെയ്യുക.
ഹായ്, നമ്മൾ നമ്മളുടെ ആദ്യത്തെ AI ചാറ്റ്ബോട്ട് ഉണ്ടാക്കി കഴിഞ്ഞു 👏

ഇപ്പോൾ നമുക്ക് ഇത് പരീക്ഷിക്കാം!

നിങ്ങൾ നേരത്തെ തുറന്ന ടെർമിനൽ തുറന്ന് `python main.py` എന്ന് ടൈപ്പ് ചെയ്യുക. നിങ്ങൾ നിങ്ങളുടെ ബോട്ട് പ്രവർത്തിപ്പിക്കാൻ തുടങ്ങി. ഇപ്പോൾ "ഹായ്" അല്ലെങ്കിൽ "എങ്ങനെയുണ്ട്" എന്നിങ്ങനെയുള്ള ചില കമാൻഡ് ടൈപ്പ് ചെയ്യുക, അത് അതിനനുസരിച്ച് പ്രതികരിക്കണം. ഇത് പ്രവർത്തിക്കുന്നില്ലെങ്കിൽ, ഒരിക്കൽ കൂടി ഈ പോസ്റ്റിലൂടെ പോയി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോയെന്ന് നോക്കുക.




ബോട്ട് പൂർത്തിയാകുന്നതിന് മുമ്പ് നിങ്ങൾക്ക് ഒരു കമാൻഡ് മാത്രമേ ടൈപ്പ് ചെയ്യാൻ കഴിയൂ എന്ന് ഇപ്പോൾ നിങ്ങൾ ശ്രദ്ധിക്കും. ഓരോന്നിനും ശേഷം ബോട്ട് നിർത്താതെ തന്നെ ഒന്നിലധികം കമാൻഡുകൾ ഒരേസമയം പ്രവർത്തിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.
അതിനാൽ, മുഴുവൻ കോഡും ഒരു `while()` ലൂപ്പിനുള്ളിൽ ഉൾപ്പെടുത്താം.

`while()` ലൂപ്പ് നമ്മളെ ഒരു പ്രത്യേകം കോഡ് ഒന്നിലധികം തവണ ആവർത്തിക്കാൻ സഹായിക്കും.

```
while (True):
	command = input()
```

```
    if (command == "hello"):
        print("hi")
    if (command == "how are you"):
        print("im fine")
```

ഇപ്പോൾ പ്രോഗ്രാം അവസാനിക്കില്ല, അത് എന്നേക്കും പ്രവർത്തിക്കും.


അന്തിമ കോഡ്:

```
while (True):
  command = input()
  if (command == "hello"):
    print("hi")
  if (command == "how are you"):
    print("im fine")
```

പൂർത്തിയായി! നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ആദ്യത്തെ AI ചാറ്റ്ബോട്ട് സൃഷ്ടിച്ചു, അഭിനന്ദനങ്ങൾ!

👏https://docs.google.com/document/d/1JBmLn1rPhUo1IW_IGVOSdQxBPOAFLHklUVpTFIj_lTI/edit?usp=sharing

ARYAN BABURAJAN
9M


Gallery

# മാഗസിൻ കമ്മിറ്റി



## 2020-2023 ബാച്ച്




Digital paintings By Alsabith

# സ്കൂൾ തല ക്യാമ്പ്



# അമ്മ അറിയാൻ


## സൈബർ സുരക്ഷ ബോധവൽകരണ ക്ളാസ്



envision

# സബ് ജില്ല ക്യാമ്പ്  ടീം




Thank you ......
POSSIBLE
i
m